കേരള സർക്കാർ

സംഗ്രഹം

ആലപ്പുഴ ജില്ല - കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് - ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2005-06 ഖണ്ഡിക 3 (4) – സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.3040/12/തസ്വഭവ. തിരുവനന്തപുരം, തീയതി:3.11.12

പരാമർശം: 1. കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 20.10.11-ലെ സാധാരണ യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം.

2. 23.1.12-ലെ ആലപ്പുഴ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 1-ാം നമ്പർ തീരുമാനം.

3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.2.12-ലെ E6.15079/11 നമ്പർ കത്ത്.

4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17.7.12-ലെ LF.7098/PTI/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2005-2006 വർഷം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ കടക്കരപ്പള്ളി ഗവ.യു.പി.എസ് (എൽ.പി.വിംഗ്) മെയിന്റനൻസ്, കൊട്ടാരം ഗവ.എൽ.പി.എസ് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 96,072/-, 47010/- രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചത് 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (4) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ടി ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം-1,2 തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്ത് പണി പൂർത്തീകരിച്ച സന്ദർഭത്തിൽ പഞ്ചായത്തിന് 2005/2006 വർഷം ലഭിച്ച മെയിന്റനൻസ് ഗ്രാന്റ് തുകയിൽ നിന്നും വാട്ടർ ചാർജ് കുടിശികയിലേയ്ക്ക് തുക അഡ്ജസ്റ്റ് ചെയ്തതിനാൽ കരാറുകാർക്ക് പണം നൽകുന്നതിന് മതിയായ തുക മെയിന്റനൻസ് ഗ്രാന്റിൽ ഇല്ലാതെ വരുകയും തനത് ഫണ്ടിലും മതിയായ തുക ഇല്ലാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തികൾ മിച്ചം വരുന്ന പ്ലാൻ ഫണ്ടിലേയ്ക്ക് മാറ്റി അംഗീകരിക്കുകയും മാർച്ച് 31 നകം തുക ചെലവഴിച്ചില്ലായെങ്കിൽ പ്ലാൻ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്താണ് ടി പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയത് എന്ന് പഞ്ചായത്ത് കമ്മിറ്റി വിശദീകരിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 20.10.11-ലെ സാധാരണ യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം 23.1.12-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 1-ാം നമ്പർ തീരുമാന പ്രകാരമുള്ള ശുപാർശ എന്നിവ പരിഗണിച്ച് 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 (4) പ്രകാരം തടസ്സപ്പെടുത്തിയ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2005-2006 വർഷം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ കടക്കരപ്പള്ളി ഗവ.യു.പി.എസ് (എൽ.പി.വിംഗ്) മെയിന്റനൻസ്, കൊട്ടാരം

ഗവ.എൽ.പി.എസ് എന്നീ പ്രവർത്തികൾക്കായി യഥാക്രമം 96,072/-(തൊണ്ണൂറ്റാറായിരത്തി എഴുപത്തിരണ്ട് രൂപ മാത്രം) , 47010/- (നാൽപത്തേഴായിരത്തി പത്ത് രൂപ മാത്രം) രൂപ വീതം പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്, കടക്കരപ്പള്ളി (പി.ഒ) പിൻ - 688 529.
എ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.